നമ്പർ : IT/18307/2015

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം
e-mail:swdkerala@gmail.com
www.swd.kerala.gov.in, Ph:0471 2306040
തീയതി : 02/03/2017

## പരിപത്രം

വിഷയം- സാമൂഹ്യനീതി വകുപ്പ്-എ.എം.സി ഇല്ലാത്ത ഉപകരണങ്ങൾക്ക് എ.എം.സി വയ്ക്കുന്നത് സംബന്ധിച്ച്.

സൂചന- 1. 26/6/15, 23/9/15, 14/12/2016 തീയതികളിലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ ഉത്തരവുകൾ

2. വിവിധ കാര്യാലയങ്ങളിൽ നിന്ന് ലഭിച്ച് അപേക്ഷകൾ

വകുപ്പിന് കീഴിലുള്ള കാര്യാലയങ്ങളിലെ കമ്പ്യൂട്ടറുകൾക്കും അനുബന്ധഉപകരണങ്ങൾക്കും 2017-18 സാമ്പത്തികവർഷം എ.എം.സി വയ്ക്കുന്നതിനായി ചുവടെ വിവരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ സ്വീകരിക്കേണ്ടതാണ്.

1. സ്റ്റോർപർച്ചെയിസ് മാന്വൽ അദ്ധ്യായം 9 ചട്ടം 9.63 മുതൽ 9.72 വരെയുള്ള നടപടിക്രമങ്ങൾ പാലിച്ച് പ്രാദേശിക അടിസ്ഥാനത്തിൽ വളരെ വേഗത്തിൽ സേവനം ലഭ്യമാകുന്ന കമ്പനിയുമായി എ.എം.സി വയ്ക്കേണ്ടതാണ്.
1. ശിശുവികസനപദ്ധതി ആഫീസുകളിലെ കമ്പ്യൂട്ടറുകൾക്കും അനുബന്ധഉപകരണങ്ങൾക്കും എ.എം.സി വയ്ക്കുന്നതിന്റെ ചുമതല അതാത് പ്രോഗ്രാം ആഫീസർമാർക്കും, പ്രോഗ്രാം ആഫീസുകളിലേയും, സ്ഥാപനങ്ങളിലേയും കമ്പ്യൂട്ടറുകൾക്കും അനുബന്ധഉപകരണങ്ങൾക്കും എ.എം.സി വയ്ക്കുന്നതിന്റെ ചുമതല അതാത് ജില്ലാ സാമൂഹ്യനീതി ആഫീസർമാർക്കും, ജില്ലാ സാമൂഹ്യനീതി ആഫീസുകളിലെ കമ്പ്യൂട്ടറുകൾക്കും അനുബന്ധഉപകരണങ്ങൾക്കും എ.എം.സി വയ്ക്കുന്നതിന്റെ ചുമതല അതാത് മേഖല അസിസ്റ്റന്റ് ഡയറക്ടർക്കും, മേഖല അസിസ്റ്റന്റ് ഡയറക്ടറേറ്റിലെ വാറന്റിപിരിയിഡ് കഴിഞ്ഞ ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് എ.എം.സി വയ്ക്കുന്നതിന്റെ ചുമതല സാമൂഹ്യനീതി ഡയറക്ടർക്കും ആയിരിക്കും.
2. എ.എം.സി വയ്ക്കുന്ന കമ്പനികളുമായി ഉടമ്പടിയിൽ ഏർപ്പെടുമ്പോൾ കമ്പനിക്ക് നൽകേണ്ട ഫണ്ടിന്റെ വ്യക്തമായ നിബന്ധനകൾ ഉടമ്പടിയിൽ ഉൾക്കൊള്ളിക്കേണ്ടതാണ്. (ഇൻഷ്യൽ പേയ്മെന്റ് 50% ആയി നിജപ്പെടെത്തേണ്ടതും ബാക്കി തുക 40%, 10% എന്നിങ്ങനെ ഘട്ടം ഘട്ടമായി വിതരണം ചെയ്യാവുന്നതാണ്) കൂടാതെ ഈ സാമ്പത്തിക വർഷം എ.എം.സി വയ്ക്കുന്നതിനുള്ള ക്വട്ടേഷൻ നടപടികൾ 2017 മാർച്ച് 1ന് ആരംഭിക്കേണ്ടതും 2017 ഏപ്രിൽ 1 മുതൽ എഗ്രിമെന്റ് വയ്ക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

എല്ലാ കീഴ്ക്കാര്യാലയ മേധാവികൾക്കും